# SACRED HYMNS

COMPILED BY

**T. P. VERGHESE**

M. A. B. PAED (TORONTO) L. T.

**REVISED EDITION 10000 COPIES**

# വിശുദ്ധ ഗീതങ്ങൾ

പരിഷ്ക്കരിച്ച പതിപ്പ് ൧൦,000 പ്രതികൾ

"എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവാക്കു പാടും;
ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തിന്നു
കീർത്തനം പാടും."

പ്രസാധകൻ

ററി. പി. വറുഗീസ്സ്

എം. എ., ബി. പെയിഡ് (ടോറൊൻടൊ) എൽ. ടി.

PRINTED AT THE
A. R. P. PRESS, KUNNAMKULAM.

1113/1938.

വില: ശീലബൈണ്ടു് 10-ണ]    [കടലാസ് ബൈണ്ടു് 8-ണ

CHRISTIAN MUSICOLOGICAL SOCIETY of INDIA

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# മുഖവുര.

മാൎത്തോമ്മാ സമുദായത്തിനു സ്വന്തമായി ഒരു കീൎത്തനാഗാനഗ്രന്ഥം ഇല്ലാത്തതിനാലുണ്ടായിക്കൊണ്ടിരിക്കുന്ന അസ്വസ്ഥതയും ന്യൂനതയും താല്ക്കാലികമായിട്ടെങ്കിലും പരിഹരിക്കണമെന്നുള്ള പരമബോധം മാത്രമാണ് ഈ ലഘുകൃതിയുടെ പ്രസാധനത്തിനു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. ആരാധനകളിലും യോഗങ്ങളിലും സംഗീതത്തിന്റെ സ്ഥാനം വ്യവസ്ഥിതമാക്കി തൽഫലം അനുഭവിച്ചിട്ടുള്ളവരായ നമുക്ക് അതിന്റെ വൎദ്ധമാനമായ ആവശ്യത്തെ ഒട്ടുംതന്നെ അവഗണിക്കാവുന്നതല്ലല്ലൊ. ഉൽകൃഷ്ടാശയങ്ങളാൽ ഉത്ഭാസിതങ്ങളും കൎണ്ണാമൃതങ്ങളുമായ ഗീതങ്ങൾ, ആരാധനയിൽ ചിത്തൈകാഗ്ര്യം ഉണ്ടാക്കുന്നതിനും ഉത്തമങ്ങളായ മനോവ്യാപാരങ്ങളെ ഉണൎത്തി ബലിഷ്ഠങ്ങളാക്കുന്നതിനും അത്യന്താപേക്ഷിതങ്ങളാ...

പ്രകൃതഗ്രന്ഥത്തിൽ, കേരള ക്രൈസ്തവലോകത്തിൽ പ്രസിദ്ധി സിദ്ധിച്ചിട്ടുള്ള അനേകം പാട്ടുകൾ, മിക്ക സന്ദർഭങ്ങളിലും ഉപയോഗിക്കത്തക്കവണ്ണം കൂട്ടിച്ചേൎത്തിട്ടുണ്ടു്. വിശിഷ്യാ, കുട്ടികൾക്കു പാടുന്നതിനുള്ള ഒട്ടുവളരെ പാട്ടുകൾ ഈ പുസ്തകത്തിൽ വേർതിരിച്ചു ചേൎത്തിരിക്കുന്നു. മാത്രമല്ല, "മധുരഗായകനായ" സാങ്കിയുടെ ഹൃദയംഗമങ്ങളായ പല കീൎത്തനങ്ങളും ഇതിനെ അലങ്കരിക്കുന്നുണ്ടു്.

ഈ ഉദ്യമത്തെ ശ്ലാഘിച്ചു കല്പന അയച്ചു എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ള നിതാന്തവന്ദ്യദിവ്യശ്രീ തീത്തൂസ് ദ്വിതീയൻ മാൎത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയോടും, എന്റെ ഈ നിസ്സാരമായ ശ്രമഫലത്തെ സദയം പരിശോധിച്ചു പ്രൗഢമായ ഒരു അവതാരിക എഴുതി ഇതിനെ ആശീൎവ്വദിച്ച എ. പെ. പെ. ബ. ഏബ്രഹാം മാൎത്തോമ്മാ സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയോടും, എനിക്കുള്ള നിഷ്കളങ്കമായ ഭക്തിയും അകൈതവമായ കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിൽ സങ്കലനം ചെയ്തിട്ടുള്ള മിക്ക പാട്ടുകൾക്കും, അതതിന്റെ ഉടമസ്ഥന്മാരിൽ നിന്നോ കമ്മററിയിൽ നിന്നോ പ്രസിദ്ധീകരണത്തിനു അനുമതി ലഭിച്ചിട്ടുണ്ടു്. അതിനും പുറമെ, പരേതനായ മിസ്റ്റർ പി. വി. തൊമ്മി രചിച്ചിട്ടുള്ള സൎവ്വ പാട്ടുകളുടേയും പകൎപ്പാവകാശം എനിക്കു സിദ്ധിച്ചിട്ടുള്ളതുമാകുന്നു. ആ മാന്യ സുഹൃത്തുക്കളോടും എന്റെ ഹൃദയപൂൎവ്വമായ കൃതജ്ഞതയെ ഈ അവസരത്തിൽ പ്രകടിപ്പിച്ചുകൊള്ളട്ടെ.

Christian Musicological Society of India
www.TheCMSIndia.org

എല്ലാം മാന്യ വൈദികന്മാരുടേയും സഹപ്രവൎത്തനം ഈ സംരംഭത്തെ വിജയപൂൎണ്ണമാക്കുമെന്നാണ് എന്റെ പ്രതീക്ഷ. പൊതുജനങ്ങളുടെ ഉദാരമായ ആനുകൂല്യത്തേയും ഞാൻ അഭ്യൎത്ഥിച്ചുകൊള്ളുന്നു. അനേക ജനങ്ങളുടെ ആത്മീയമായ അഭിവൃദ്ധിക്കും സ്ഥിരതക്കും, യോഗങ്ങളുടേയും ആരാധനകളുടേയും ഐകരൂപ്യത്തിനും, അനുഗ്രഹത്തിനും പ്രയോജനപ്രദമായിത്തീരണമെന്നുള്ള പ്രത്യേക പ്രാൎത്ഥനയോടെ ഈ ബലഹീനപ്രയത്നത്തെ സൎവ്വശക്തനായ ദൈവത്തിൽ സമൎപ്പിച്ചുകൊള്ളുന്നു.

ഹിന്ദുസ്ഥാൻ, പാഴ്സി, കൎണ്ണാടകം എന്നീ അഭിനവരീതികളെ അനുകരിച്ചു വിരചിതങ്ങളായ ചില ക്രൈസ്തവഗീതങ്ങൾ അനുബന്ധമായി ചേൎത്തിട്ടുണ്ട്.

തൃശ്ശിവപേരൂർ,<br>26-5-1104

എന്ന്,<br>ററി. പി. വറുഗീസ്.

CHRISTIAN MUSICOLOGICAL SOCIETY of INDIA

# അവതാരിക.

"വിശുദ്ധഗീതങ്ങൾ" എന്ന അഭിധാനത്തിൽ നമ്മുടെ മാന്യസ്നേഹിതൻ മിസ്റ്റർ ററി. പി. വറുഗീസ് കൂട്ടിച്ചേർത്തിട്ടുള്ള പാട്ടുപുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി വായിച്ചുനോക്കിയതിൽ എനിക്ക് അമിതമായ സന്തോഷത്തിനും ചാരിതാർത്ഥ്യത്തിനും ഇടയായിത്തീർന്നിരിക്കുന്നു എന്നുള്ളതു പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ല. പൊതുവിൽ സകല ക്രൈസ്തവസഹോദരങ്ങൾക്കും ഉപയോഗയോഗ്യമായ ഒരു പാട്ടുപുസ്തകം ഇല്ലെന്നുള്ള ന്യൂനതയും തജ്ജന്യമായ ക്ലേശവും താൽക്കാലികമായെങ്കിലും പ്രസ്തുത ഗ്രന്ഥത്താൽ പരിഹരിക്കപ്പെടുന്നതിനു സാധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കയും, ഇതിനു സർവ്വവിജയങ്ങളും ആശംസിക്കയും ചെയ്തുകൊള്ളുന്നു.

പരസ്യാരാധനകളിലും പ്രാർത്ഥനാക്കൂട്ടങ്ങളിലും പൊതുവെ ഉപയോഗിക്കുന്നതിനുള്ളതായ ഒരു പാട്ടുപുസ്തകം അത്യന്താപേക്ഷിതമാണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. യോഗങ്ങളും കുടുംബാരാധനകളും അംഗീകൃതങ്ങളായിത്തീരുന്നതിനു സന്ദർഭോചിതങ്ങളായ ഗീതങ്ങൾ യോഗ്യമായും ഭക്തികരമായും പാടാവുന്ന രീതിയിൽ രചിച്ചിട്ടുള്ളവയായി സാധാരണ പുസ്തകങ്ങളിൽ വളരെ കുറച്ചുമാത്രമേ കാണാറുള്ളു. എന്നാൽ മിസ്റ്റർ വറുഗീസു സങ്കലനം ചെയ്തിട്ടുള്ള ഈ പ്രാർത്ഥനാപരമായ ലഘുകൃതിയിൽ, പൊതുവെ പ്രസിദ്ധി സിദ്ധിച്ചിട്ടുള്ള പാട്ടുപുസ്തകങ്ങളിലെ ഏററവും ഉൽകൃഷ്ടങ്ങളായ എല്ലാ പാട്ടുകളും ഊഹിക്കാവുന്ന മിക്ക സന്ദർഭങ്ങളിലേക്കും ഉപയോഗിക്കത്തക്കവണ്ണം കൂട്ടിച്ചേർത്തിരിക്കുന്നുവെന്നുള്ളതു് പ്രസ്താവയോഗ്യംതന്നെ.

യോഗങ്ങളുടെ ഐകരൂപ്യത്തിനും ഉൽകൃഷ്ടങ്ങളായ ആശയങ്ങളിൽ അഭിനിവേശം ജനിക്കുന്നതിനും, ആരാധനയിലെ സംഗീതത്തിന്റെ സ്ഥാനത്തെ നിയന്ത്രണം ചെയ്യുന്നതിനും മിസ്റ്റർ വറുഗീസിന്റെ പരിശ്രമം ഏററവും പ്രയോജനപ്പെടുമെന്നു ഞാൻ ആശിക്കുന്നു.

മിസ്റ്റർ വറുഗീസ് തന്റെ ബഹുവിധമായ ജോലിത്തിരക്കിനുള്ളിൽ ക്രൈസ്തവസമുദായത്തിന്റെ ആത്മീയഭാവിനന്മയെ ലാക്കാക്കി ഇത്രയും പ്രവൃത്തിക്കുന്നതിനു മനസ്സുവെച്ചതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയും, അദ്ദേഹത്തിന്റെ ഈ ശ്രമം അനുഗ്രഹകരമായി തീരുന്നതിനു ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

Tiruvella,
2nd Kanni' 104.

Sd.
Abraham Mar Thoma, Malabar
Suffragan Metropolitan.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# പരിഷ്ക്കരിച്ച പതിപ്പ്.

ഈ പരിഷ്ക്കരിച്ച പതിപ്പിൽ പ്രായോഗികദൃഷ്ട്യാ ഉപയോഗശൂന്യവും വിഷയസംഘടനാരഹിതവുമായിത്തീർന്നിരിക്കുന്ന പല പഴയ പാട്ടുകളും തിരസ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആശയശുദ്ധി, അർത്ഥപുഷ്ടി, ഭാഷാസാരള്യം, രചനാമാധുര്യം, ഗാനയോഗ്യത എന്നിത്യാദി ഗുണങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ള വളരെ പുതിയ ഗീതങ്ങളെ ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട് എന്ന സംഗതി ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. മുൻ പതിപ്പിലെ അച്ചടിപ്പിശകുകളും മററു പല ന്യൂനതകളും പരിഹരിച്ചിരിക്കുന്നതിനും പുറമെ നൂതന വിഷയങ്ങൾക്കും സന്ദർഭങ്ങൾക്കും പററിയ ഹൃദയാവർജ്ജകങ്ങളായ അനവധി കീർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടും ഉണ്ട്.

ആത്മീയമായ എന്റെ ഈ ഉദ്യമത്തെ വിജയപ്രദമാക്കുവാൻ വേണ്ടി തങ്ങളുടെ വിലയേറിയ സമയത്തിൽ വളരെ ഭാഗം വിനിയോഗിച്ചു ഹൃദയപൂർവ്വം എന്നെ സഹായിച്ചിട്ടുള്ള എന്റെ ക്രിസ്തീയ സുഹൃത്തുക്കളായ ശ്രീമാന്മാരായ ററി. ഡി. ജോർജ്ജ് ബി. എ, പി. ജെ. ജോർജ്ജുഭാഗവതർ എന്നീ സംഗീതസാഹിത്യ കലാനിപുണന്മാരുടെ പേരിൽ എനിക്കുള്ള അകൈതവമായ സ്നേഹബഹുമാനങ്ങളെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

തങ്ങളുടെ കൃതികളെ ഈ ഗ്രന്ഥത്തിൽ വീണ്ടും ചേർക്കുവാൻ അനുമതി നൽകിയ ഗാനകർത്താക്കളോടും കമ്മററിക്കാരോടും എനിക്കുള്ള നിർവ്യാജമായ കൃതജ്ഞതയേയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

പ്രസാധകൻ.

Christian Musicological Society of India
www.TheCMSIndia.org

# പല്ലവി അകാരാദി.


| | ഗീതം |
|---|---|
| അകത്തും പുറത്തും വേദനയോടെ | 95 |
| അടിയാനിൽ വാണിടുക | 260 |
| അതിമംഗലകാരണനേ | 63 |
| അതിരാവിലെ തിരുസന്നി | 3 |
| അന്തികെ വരിക നീ പാപി | 123 |
| അർദ്ധരാത്രിക്കിതാ കേട്ടീടുന്നു | 334 |
| അനുഗ്രഹത്തോടെ ഇപ്പോൾ | 361 |
| അമ്മമാരേ! നിങ്ങൾ | 503 |
| അഗ്നിജ്വാലപോലെ വാനി | 170 |
| അഞ്ചാതെ വാ പാപിയേ | 125 |
| അയോഗ്യനെന്നെ | 213 |
| അയ്യോ എൻദൈവമേ | 236 |
| അയ്യോ എൻപ്രാണനാഥാ | 88 |
| അയ്യോ ഞാനൊരു മഹാ | 244 |
| അയ്യോ പാപീ നീയെൻ | 158 |
| അരുണോദയസമയേ തിരു | 9 |
| അരുമയുള്ളേശുവേ കരി | 299 |
| ആടുകൾക്കവേണ്ടി ജീവ | 20 |
| ആനന്ദമുണ്ടെനിക്കാനന്ദ | 385 |
| ആദിത്യനോടുണരുക | 10 |
| ആദിത്യ ചന്ദ്രാദികളെ | 26 |
| ആത്മാവിൽ പ്രാർത്ഥിപ്പാനീ | 294 |
| ആത്മാവിനാൽ ജനനം | 143 |
| ആത്മാവേ! വന്നീടുക | 172 |
| ആത്മസന്തോഷംകൊണ്ടാ | 479 |
| ആരിവർ ആരിവർ | 397 |
| ആലേലൂയ്യാ ആലേ | 66 |
| ആശിഷം നൽകണമേ | 355 |
| ആശിഷമാരിയുണ്ടാകും | 471 |
| ആശീർവ്വദിക്ക സ്നേഹ | 371 |

| | ഗീതം |
|---|---|
| ആശ്വസിക്ക മനമേ | 384 |
| ആശ്വാസമേ എനിക്കേറെ | 383 |
| ഇടവിടാതലച്ചീടും | 194 |
| ഇനിക്കായ് പിളന്ന പാറ | 277 |
| ഇനിമേൽ ഇനിക്കില്ലോർ | 298 |
| ഇനിയും സ്ഥലമുണ്ടേ | 122 |
| ഇന്നേയോളം തുണച്ചോനേ | 431 |
| ഇന്നീ ദമ്പതികൾക്കു ശുഭം | 373 |
| ഇന്നീ മംഗലം ശോഭിക്കുവാ | 372 |
| ഇന്നു പകൽ മുഴുവൻ | 12 |
| ഇന്നു പകലിലെന്നെ | 11 |
| ഇന്നുഷസ്സിൻപ്രഭയെ | 8 |
| ഇന്നേരം പ്രിയ ദൈവമേ | 281 |
| ഇന്നേരം യേശുദേവനെ | 420 |
| ഇന്നേരം വാ മനുവേലാ | 450 |
| ഇന്നേശുരാജനുയിർത്ത | 98 |
| ഇമ്മാനുവേൽ തൻ ചങ്ക | 91 |
| ഇസ്രായേലെ ഭാഗ്യശാലിനീ | 454 |
| ഈ ചെറുപൈതങ്ങളാ | 366 |
| ഈയാണ്ടിൽ ആശീർവ്വാദം | 419 |
| ഈയഖിലാണ്ഡത്തിൻനായകാ | 217 |
| ഉണർന്നെഴുന്നേൽക്ക തിരു | 478 |
| ഉത്തരഹിമാദ്രികൾ | 405 |
| ഉണർന്നരുളീ യേശുസ്വാമി | 99 |
| ഉഷഃകാലം നാം എഴുന്നേല്ക്കുക | 5 |
| എങ്ങോ ചുമന്നുപോകുന്നു | 77 |
| എത്ര എത്ര ശ്രേഷ്ഠം | 398 |
| എത്ര കാലമായ് നിന്റെ | 156 |
| എത്ര സന്തോഷമിതെത്ര | 363 |
| എന്തതിശയമേ ദൈവത്തി | 191 |


[illegible]

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA


| | ഗീതം |
|---|---|
| എന്തു നൽസമ്പത്തങ്ങുണ്ടു | 174 |
| എന്തൊരൻപിതപ്പനേ | 90 |
| എൻആത്മാവിൻ ആദിത്യ | 15 |
| എൻആത്മാവു സ്നേഹിക്ക | 219 |
| എൻആത്മാവേ! ചിന്തി | 326 |
| എൻകാന്തനിവൻതന്നെ | 210 |
| എൻക്രിസ്തൻയോദ്ധാവാക | 309 |
| എൻജീവിതം നിത്യഗീതം | 311 |
| എൻനാഥനെ ഏററുചൊൽ | 469 |
| എൻനീതിയും വിശുദ്ധിയും | 266 |
| എൻദൈവമേ നടത്തുകെ | 491 |
| എൻദേഹക്ക പ്രാണൻ വെടി | 252 |
| എൻപ്രിയ രക്ഷകനേ | 247 |
| എൻപ്രിയ രക്ഷകാ നീ | 489 |
| എൻപ്രിയ രക്ഷാകരാ എൻ | 209 |
| എൻപ്രിയനേശുവിൽ | 207 |
| എൻയേശു എൻപ്രിയൻ | 226 |
| എൻയേശുവിൻമാർവ്വിൽ | 286 |
| എൻരക്ഷകാ എൻദൈവ | 456 |
| എൻരക്ഷകനാമേശുവേ | 480 |
| എന്റെ ജീവനാമേശുവേ | 290 |
| എന്റെ പ്രാണ സഖി | 291 |
| എന്റെ പ്രിയേ! എന്റെ പ്രാവേ | 154 |
| എന്റെ പ്രിയൻ പൊന്മുഖം | 319 |
| എന്റെ പേക്ക പരമരക്ഷ | 93 |
| എന്റെ ദൈവം മഹത്വ | 484 |
| എന്റെ ദൈവം സ്വർഗ്ഗസിം | 482 |
| എന്റെ സമ്പത്തെന്നുചൊ | 468 |
| എന്നകമേ വരിക ശ്രീ | 261 |
| എന്നാളും സ്തുതിക്കണം | 55 |
| എന്നിലുദിക്കണമേ | 2 |
| എന്നു ഞാൻ കണ്ടുകൊണ്ടിടും | 316 |
| എന്നുള്ളിന്നാനന്ദമാം | 323 |
| എന്നുള്ളിലെന്നും വസി | 169 |
| എന്നെ അനുഗ്രഹിക്ക | 293 |
| എന്നെ ഞാൻ ബലിതരു | 258 |

| | ഗീതം |
|---|---|
| എന്നെ രക്ഷിപ്പാൻ ഉന്നതം | 380 |
| എന്നോടുള്ള നിൻസർവ്വ | 51 |
| എനിക്കു ദൈവം തുണ | 270 |
| എനിക്കുവേണ്ടി മൃത്യു ക്രൂശിൽ | 248 |
| എന്മകനേ ഞാൻ അയ്യോ | 157 |
| എപ്പോഴും ദൈവമേ | 425 |
| എല്ലാരും യേശുനാമത്തെ | 49 |
| എഴുന്നരുളേണം യേശു | 315 |
| എഴുന്നു ശോഭിച്ചിടുക | 472 |
| ഏകദൈവപുത്രനാർ | 152 |
| ഓർക്ക നീ മനമേ! | 138 |
| ഓടിവാ കൃപയാം നദി | 273 |
| കണ്ടിടും പരനുടെ തിരുമുഖ | 322 |
| കണ്ടേനേ ഞാനേശുവെ | 455 |
| കണ്ടോ കുരിശുമരത്തിൽ | 83 |
| കണ്ണീരിൻതാഴ്‌വര | 387 |
| കർത്തനേ ഇപ്പകലിലെന്നെ നീ | 13 |
| കർത്തനേ ഈ ദിനം നിന്റെ | 362 |
| കർത്താവിനെ നാം സ്തുതി | 53 |
| കർത്താവേ വിശ്വസിക്കുന്നന | 268 |
| കർത്തൃകാഹളം യുഗാന്ത്യകാല | 394 |
| കരുണനിറഞ്ഞ ദൈവ | 377 |
| കരുണയിൻവാരിധിയേശു | 292 |
| കരുണാകര മാനവഭാവനാമീശ്വര | 59 |
| കരുണാസനമമരും | 4 |
| കരുണാസനാപ്പതിയേ | 358 |
| കല്ലും അല്ലേടോ കായം | 146 |
| കഴലിണ കൈതൊഴുന്നി | 303 |
| കാടേറിയാടു ഞാൻ | 237 |
| കാണുംവരെ ഇനി നാം തമ്മി | 428 |
| കാണും വേഗം പ്രിയരക്ഷക | 341 |
| കാന്താ എന്തിനീതാമസ | 318 |
| കാന്താ താമസമെന്തഹോ | 324 |
| കാന്താ നിന്നെ ഞാനെന്നു | 325 |
| കാൽവറിയിൽ മരിച്ചോരു | 487 |
| കാൽവരി മലമേൽ മഹാ | 82 |


Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA


| | ഗീതം | | ഗീതം |
|---|---|---|---|
| കാൽവരിയിലെൻപേർക്ക് | 317 | ജീവനുടയോനാകുന്ന | 173 |
| കാരുണ്യസാഗരമേ ദേവ | 288 | ഞങ്ങൾമദ്ധ്യേ വന്നീടേണം | 353 |
| കുഞ്ഞാടിനെ എന്നും അങ്ങ | 301 | ഞങ്ങൾക്കല്ല യഹോവാ | 360 |
| കുഞ്ഞാട്ടിന്റെ കല്യാണം | 332 | ഞാൻ കർത്താവിൻസ്വന്തം | 250 |
| കുഞ്ഞാട്ടിൻതിരുരക്തത്താൽ | 470 | ഞാൻ വരുന്നു ക്രൂശിങ്കൽ | 249 |
| കുഞ്ഞുങ്ങളും വന്നിട്ടു | 447 | ഞാൻ വിടാറായി ലോകത്തെ | 391 |
| കൂടെ പാർക്ക നേരം വൈകു | 483 | തനയാനിന്നുടെ പേർക്കായ് | 15[illegible] |
| കൃപ കൃപ കൃപതന്നെ | 485 | താതാസുഖംപരനേ നിൻ ദാസ | 379 |
| കൃപാദിനം വേഗമിതാ | 111 | തിരുവാംകോടേ നിനക്ക | 423 |
| കേട്ടുകൊൾ വിതയ്ക്കുന്ന | 106 | തിരുവേദത്തിൻപൊരു | 182 |
| കേൾക്ക എന്റെ ആത്മാവേ | 155 | തീരംപതിവീണാലും | 389 |
| കേൾക്ക ദൂത സൽസ്വരം | 61 | തെററി ഞാൻ കാണാതെ | 273 |
| ക്രിസ്തുമുമ്പിൽ വന്നാലത്തി | 446 | തേൻമധുരമതിലുംസത്യ | 181 |
| ക്രിസ്തുമൂലം ദൈവരാജ്യം | 416 | ത്രിഭുവനേശാ ദമ്പതികൾ | 376 |
| ക്രിസ്തുരക്ഷാകരനു തുല്യം | 465 | ത്രിലോകരാജൻ യേശു | 331 |
| ക്രിസ്തുരാജ മണവാളൻ | 343 | ത്രിലോക സുന്ദരനാം | 440 |
| ക്രിസ്തുവിന്റെ ദാനം | 466 | ദിവ്യമാർഗ്ഗ ബാലകർ | 441 |
| ക്രൂശിന്മേൽ ക്രൂശിന്മേൽ | 94 | ദുഃഖത്തിന്റെ പാനപാത്രം | 390 |
| ഖേദിക്കുന്ന മാനവർക്ക് | 119 | ദേവകുമാരാ വാഴ്ക നീ | 32 |
| ഗോൽഗോഥാ മലമേൽ | 81 | ദേവദേവനന്ദനൻ | 78 |
| ചാവിനെ വെന്ന പരാ | 476 | ദേവാദേവനു മംഗളം | 408 |
| ചേരുവതിടം ഏതു | 109 | ദേവദേവനു മംഗളംമഹോ | 16 |
| ചുംബനം ചെയ്തിടുന്നേ | 216 | ദേവാ കടാക്ഷിക്കുക കൊച്ചി | 422 |
| ചന്തമോടാർത്തു വന്ദനം പാടി | 60 | ദേവാകരുണയില്ലയോ | 242 |
| ജഡമായി തീർന്നാൻ വചനം | 62 | ദേവാ നിൻ ജീവനുള്ളക | 418 |
| ജയം ജയം കൊള്ളും നാം | 308 | ദേവേശാ യേശുപരാ | 80 |
| ജയം ജയം യേശുവിനു | 96 | ദേഹം മണ്ണാകുംമുമ്പെ | 110 |
| ജയ ജഗദീശ | 19 | ദൈവകുഞ്ഞാടിതാ | 208 |
| ജയിക്കുമേ സുവിശേഷം | 410 | ദൈവകൃപ മനോഹരമേ | 463 |
| ജിബ്രാൾട്ടർ പാറമേൽ | 302 | ദൈവകോപപാത്രമായ് | 254 |
| ജീവനായകാ ജീവനായകാ | 477 | ദൈവദാനമാം സത്യവേദമെ! | 186 |
| ജീവനായകനാമേശുവേ | 239 | ദൈവതാതാദേവ മിശിഹാ | 43[illegible] |
| ജീവനായകനേ, മനുവേലേ | 496 | ദൈവപുത്രനെ കാണുക! | 218 |
| ജീവനുണ്ടാം ഏകനോട്ട | 141 | ദൈവത്തിൽ എപ്പോഴും | 271 |
| ജീവദനേയെൻ ജീവനേ | 81 | ദൈവത്തിൻ പുത്രനാം ക്രിസ്തു | 116 |


176

Christian Musicological Society of India

www.TheCMSIndia.org

| | ഗീതം |
|---|---|
| ദൈവത്തിൻ പൈതലേ നിന്റെ | 386 |
| ദൈവത്തിൻ ദാസരെ | 412 |
| ദൈവത്തിന്റെ പൈതൽ | 439 |
| ദൈവത്തിന്റെ ഏക പുത്രൻ | 193 |
| ദൈവമക്കൾക്കിഹവാസം | 233 |
| ദൈവതനയർ ഈ ലോകേ | 497 |
| ദൈവമേ എത്ര അഗാധ | 232 |
| ദൈവമേ എൻ ദൈവ | 7[illegible] |
| ദൈവമേ ഞാനിന്നു രാവിലെ | 6 |
| ദൈവമേ രക്ഷിക്ക | 42[illegible] |
| ദൈവവചനമേ ദിവ്യ | 18[illegible] |
| ദൈവസമാധാനം ഇമ്പ | 234 |
| ധരിപ്പിൻ ആയുധങ്ങൾ | 304 |
| നരരെ വിധിപ്പതിനായി | 342 |
| നരരേ വന്നീടുവിൻ | [illegible]48 |
| നൽക നിൻ വരങ്ങൾ | 37[illegible] |
| നൽഹൃദയം തരണമെ | 27[illegible] |
| നല്ലദേവനേ ഞങ്ങൾ | 18[illegible] |
| നല്ലവനേ! വല്ലഭനേ! | 320 |
| നരർ രക്ഷപ്പെടുവാൻ | [illegible]8 |
| നമ്പവേണ്ടാ ഉലകം | 114 |
| നന്മയിൻ സുവിശേഷകൻ | 413 |
| നാഥാ നീ വേഗം ചൊരിക | 409 |
| നാഥനേ എൻ യേശുവേ | 29 |
| നാഥാ നിൻ വൻകൃപ | 435 |
| നിത്യവന്ദനം നിനക്കു | 17 |
| നിദ്രയിൽ ഞാനായനേരം | 7 |
| നിനക്കായെൻ ജീവനെ മര | 153 |
| നിൻകൃപയെന്തു മനോഹര | 486 |
| നിൻകൃപയാൽ പരനേ | 474 |
| നിൻ തിരുവചനത്തിൽ നിന്നതു | 184 |
| നിൻ തിരുമുഖശോഭയെ | 204 |
| നിൻ വചനം മഹാമധുരം | 189 |
| നിൻ വചനത്തെ പറഞ്ഞീ | 183 |
| നിൻ സന്നിധിയിൽ ദൈവമേ | 287 |

| | ഗീതം |
|---|---|
| നിന്റെ ചോര ചിന്തിയെന്നെ | 238 |
| നിന്റെ ഹിതം പോലെയെന്നെ | 492 |
| നിന്നോടു പ്രാർത്ഥിപ്പാൻ | 284 |
| നിന്നോടെൻ ദൈവമേ | 295 |
| നില്ക്ക നില്ക്ക പാപിയെ | 36 |
| നീതിമാന്മാരിൻ കൂടാരങ്ങ | 458 |
| നീതിമാൻ ജീവിക്കും വിശ്വാസം | 269 |
| നീ മതിയായ ദൈവമല്ലോ | 235 |
| നീയതി സുന്ദരൻ | 228 |
| നീയല്ലോ ഞങ്ങൾക്കുള്ള | 221 |
| നേരമാകും മുന്നെന്നിൽ | 321 |
| നോക്കിക്കൊൾ സേവ | 104 |
| പദമെഗതിമെ പരമേശജനെ | 68 |
| പരനേ തവ അതിരറ്റൊരു | 30[illegible] |
| പരനേ നിൻ തിരുമുമ്പിൽ | 285 |
| പരനേശു രക്ഷക നീ ധര | 345 |
| പരനേശുവേ കരുണാനിധേ | 374 |
| പരമദയാലോ പാദം | 22[illegible] |
| പരമാനന്ദമനുഭവി | 149 |
| പരമാമൃതമാം ദേവവചനം | 180 |
| പരാപരനേ ഭജ | 56 |
| പരിശുദ്ധപരനേ സ്തുതി | 28 |
| പരിശുദ്ധപരനെ നിരന്ത | 432 |
| പരിശുദ്ധാത്മാവേ ഇപ്പോൾ | 175 |
| പാടി സ്തുതി മനമേ പരനെ | 23 |
| പാടും ഞാനേശുവിനു ജീവൻ | 21 |
| പാടുവിൻ സകല ഭൂമിയെ | 430 |
| പാദവന്ദനമേ തിരുകൃപ | 227 |
| പാപത്തിൻമാവിഷ | 54 |
| പാപത്തിൻ ഭാരമതാൽ | 139 |
| പാപക്ഷമ ലഭിപ്പാൻ സമ | 131 |
| പാപികളേ നിങ്ങൾ | 150 |
| പാപി ഗോൽഗോത്താ മലമുകളിൽ | 116 |
| പാപി പാപി എന്തിനു നീ | 137 |
| പാപി പരന്നരികിൽ വരി | 126 |


CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA


| | ഗീതം | | ഗീതം |
|---|---|---|---|
| പാപീ ഉണ്ണാൻ കൊൾക | 134 | മറന്നുപോകാതെ നീ മനമേ | 113 |
| പാലയ ദേവസുതം | 437 | മറുദിവസം മറിയമകൻ | 73 |
| പിന്നാലെ വരിക കുരിശെടു | 300 | മശിഹദേവൻ വരും | 333 |
| പിളർന്നൊരു പാറയേ | 483 | മഹത്വപ്രഭു മരിച്ച | 196 |
| പുത്രനിൽ വിശ്വസിക്കുന്നേ | 132 | മഹിമാപതി മിശിഹാ | 101 |
| പുല്ലിനും പൂക്കൾക്കും തുല്യ | 102 | മംഗളം ജയ സുമംഗളാ | 445 |
| പെന്തിക്കോസ്തിൻ വല്ലഭനേ | 171 | മാതൃഭൂ ഭാരതരാജ്യം | 424 |
| പെന്തിക്കോസ്തിൻ ശക്തി | 475 | മാനവരെ രക്ഷിച്ചീടുവാനായ് | 330 |
| പൊന്നിനേക്കാൾ വിലയേറി | 178 | മാനസാന്തരപ്പെടണം—ദൈവം | 107 |
| പൊന്നേശുതമ്പുരാൻ | 494 | മാനസാന്തരപ്പെടേണം നീ | 129 |
| പൊന്നേശു നരർതിരു | 370 | മാനുവേലിൻ സ്തുതിയെ | 206 |
| പ്രാണനാഥാ നിന്റെ മേനി | 87 | മാ പരിശുദ്ധാത്മനേ ശക്തി | 168 |
| പ്രാണനാഥനേ നിന്റെ പ്രേ | 205 | മാട്ടിൻതൊഴുത്തിൽ പിറ | 65 |
| പ്രാർത്ഥന കേൾക്കണമേ | 28[illegible] | മുട്ടി മുട്ടി നില്പതാർ | 222 |
| പ്രാർത്ഥനയിൽ നൽനേര | 283 | മുറിവേറ്റ കുഞ്ഞാടേ നിൻ | 274 |
| പ്രാർത്ഥനയിൻ നേരം ഹാ | 289 | മൃത്യുവിൻദൂതൻ നിന്നെ വിളിക്കിൽ | 135 |
| ബഥനി മറിയയിൽനിന്നു | 501 | മൃത്യുവന്നണയും നിന | 108 |
| ബാലകരിൻ പരിപാല | 436 | മേൽവീട്ടിലേക്കേശു | 121 |
| ബാലരാമടിയങ്ങളിൽ | 435 | മോദമതിമോദം മോദം | 347 |
| മനം തിരിഞ്ഞീടുക | 105 | യെരുശലേമിൻ ഇമ്പ | 403 |
| മനമേ മനമേ യേശുവെ | 130 | യാക്കോബേ നീ എന്തിനി | 388 |
| മനസ്സോടെ ശാപമരത്തിൽ | 89 | യുദ്ധത്തിനു യുദ്ധത്തിനു കേൾക്ക | 307 |
| മനുജനിവൻ ഭാഗ്യവാൻ | 429 | യേശു അല്ലാതെ വേറൊരു | 127 |
| മനുവേലാ നിനക്കു വന്ദനം | 48 | യേശു എൻ ആത്മസഖേ | 214 |
| മനുവേലനെ സ്തുതി നീ | 47 | യേശു എൻ സ്വന്തം ഹാലേ | 229 |
| മനുവേലാ നീയെന്തിത്ര | 313 | യേശു എന്നടിസ്ഥാനം | 225 |
| മനുവേലാ വണങ്ങി നിന്നെ | 46 | യേശു എന്നുള്ള നാമമേ | 198 |
| മനോഹരാലയം താൻ ഒന്നുണ്ടു | 399 | യേശു എൻരക്ഷകൻ മാനുഷനായ് | 72 |
| മന്നവനേശുതാനുന്നത | 367 | യേശുക്രിസ്തൻ തന്നെ പാപി | 151 |
| മന്നവനേ മശിഹായെ | 314 | യേശുക്രിസ്തു ജീവിക്കുന്നു | 97 |
| മന്നവനേ മഹോന്നത | 357 | യേശുനാഥൻ ജയിക്കുന്നു | 411 |
| മന്നായെ ഭുജിക്ക ജീവ | 368 | യേശുനാഥാ നിൻ കൃപ | 43 |
| മമ കാന്തനഹോ മാമധുര | 211 | യേശുനാഥാ നീതിസൂര്യ്യം | 356 |
| മരണം ജയിച്ച വീരാ | 267 | യേശുനാമം ജയം | 406 |
| മരിമകനേ വരികദേവ | 452 | യേശുപാദത്തെ തേടിപോ | 490 |


Christian Musicological Society of India

www.TheCMSIndia.org

| | ഗീതം | | ഗീതം |
|---|---|---|---|
| യേശുപരൻ വാണീടും | 407 | യേശുവേ, നിൻെറ രൂപമീ | 212 |
| യേശുപരാ എങ്ങും നൽ സമാധാം | 427 | യേശുവേ, നീ തുണ | 449 |
| യേശുമതിയെനിക്കേശു | 431 | യേശുവേയെൻ ജീവ | 86 |
| യേശുമഹേശനേ ഞാൻ | 230 | യേശുവേയെൻ പ്രാണനാഥ | 71 |
| യേശുമഹേശാ ബാലകരി | 444 | യേശുവേ, യേശുവേ, ത്രിലോക | 52 |
| യേശുമഹോന്നതനേ നിനക്കു | 44 | യേശുസന്നിധി മമ ഭാഗ്യം | 215 |
| യേശു രക്ഷിതാവേ നിൻ | 502 | രക്തം നിറഞ്ഞൊരുറവ | 493 |
| യേശുരക്ഷിതാവേ നിൻ സ്നേഹം | 195 | രക്ഷകൻ രാജാവായ് വാഴും | 255 |
| യേശു രക്ഷിക്കുന്നു | 220 | രക്ഷകനേ നിനക്കു കീർത്തനം | 42 |
| യേശുരാജൻ വരുമേ | 327 | രക്ഷകനേ നിനക്കു ദിനവും | 45 |
| യേശുരാജൻ വരുന്നിതാ | 340 | രക്ഷകനേശുവേ, വന്നു | 268 |
| യേശുരാജനുടെ സന്നിധി | 117 | രക്ഷകാ, എന്നിൽ നീ വസി | 256 |
| യേശുരാജൻെറഴുന്നെള്ളു | 328 | രക്ഷകാ, നിൻെറ പിന്നാലെ | 296 |
| യേശു രാജാവേ യെന്നുള്ളിൽ | 264 | രക്ഷപെടാനിതേകാലം | 112 |
| യേശുവരും വേഗത്തിൽ | 329 | രക്ഷിതാവിനെ കാൺക | 145 |
| യേശുവിൻ ജനനത്തെ | 70 | രാജൻ മുമ്പിൽ നിന്നനാം | 344 |
| യേശുവിൻ തിരുപാദത്തിൽ | 177 | രാജരാജദൈവജാതൻ | 69 |
| യേശുവിൻ തിരുമുൻ വരു | 434 | രാത്രിയിതാ വരുന്നു | 415 |
| യേശുവിൻ തിരുമുഖമെനി | 499 | രോഗികൾക്കു നല്ല വൈദ്യ | 378 |
| യേശുവിൻ ദിവ്യഹിതം | 265 | ലക്ഷങ്ങളിൽ സുന്ദരനാം | 339 |
| യേശുവിൻ രക്തത്തിൽ | 402 | ലോകത്തിൽ കഷ്ടങ്ങൾ | 310 |
| യേശുവിൻ വീരന്മാരെ | 306 | ലോകധനമാനം വിട്ടുപരാക്രമ | 108 |
| യേശുവിന്നരികിൽ വാ | 116 | വന്ദനം ചെയ്തീടുന്നു | 14 |
| യേശുവിൻ സ്വന്തമത്രെ ഞാൻ | 259 | വന്ദനം പൊന്നേശു നാഥാ | 1 |
| യേശുവിൻ നാമമല്ലാതാശ | 200 | വന്ദനം യേശുപരാ | 349 |
| യേശുവിനെ സ്തുതി നീ എൻ | 27 | വന്ദനം വന്ദനം നാഥാ | 41 |
| യേശുവിനെ മാത്രം | 224 | വന്നരുൾക എന്നുള്ളിൽ നീ | 262 |
| യേശുവെപ്പോലൊരു രക്ഷ | 128 | വന്നാവസിക്ക ദേവാത്മാവേ | 167 |
| യേശുവെന്ന ദിവ്യനാമം | 202 | വന്നീടണമേ പൊന്നേശു രാജ | 337 |
| യേശുവെ നിൻ തിരു വചനമി | 185 | വന്നീടണമേശുനാഥാ | 352 |
| യേശുവേ, ഈ സഭമേൽ | 348 | വന്നീടിൻ പാപികളേ | 118 |
| യേശുവേ, കരുണാസനപ്പതി | 245 | വന്നു മോദഗീതം പാടു | 67 |
| യേശുവേ, കരുണാസനം, മഹാ | 241 | വന്നീടും പരമദേവനന്ദന | 335 |
| യേശുവേ, തിരുനാമമത്രമധു | 201 | വന്നേൻ കാൽവരി കുരിശ | 85 |
| യേശുവേ, നിൻെറ ദാസി | 500 | വഞ്ചകനെഞ്ചിന്നിൽ നിന്നകറ്റി | 248 |


CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA


| | ഗീതം |
|---|---|
| വരമതരുളീടുക പരമഗുരോ ഈ | 443 |
| വരസുന്ദരപരമണ്ഡല | 359 |
| വരികദാസരിൻ വീടതിൽ | 417 |
| വരിക നൽവരങ്ങളെ നീ | 166 |
| വരിക നാഥാ ഈ യോഗത്തി | 350 |
| വരിക വർഷക്കുറവു തീപ്പാൻ | 421 |
| വരുമേ ഉണർന്നിരിപ്പിൻ യേശു | 336 |
| വരുവിൻ ചെറു പൈതങ്ങ | 442 |
| വരുവിനേശു രാജനെ എതി | 338 |
| വാനലോകത്തെഴുന്നെള്ളി | 100 |
| വാനം തുറന്നീടുക സർവ്വശക്താ | 279 |
| വാ പരാ യോഗ്യമല്ലേ്യ നീ | 351 |
| വാ രക്ഷകാ എൻ നെഞ്ചക | 253 |
| വാ വാ വിശുദ്ധാത്മാ എൻ | 165 |
| വാ, വിശുദ്ധാത്മാ | 162 |
| വാഴ്ത്തുക നീ മനമേ എൻ പരനെ | 40 |
| വാഴ്ത്തീൻ വാഴ്ത്തീൻ യേശു | 231 |
| വാഴ്ത്തുവിൻ യഹോവായെ കീർത്തി | 39 |
| വിലയേറിയ കാലം അഴി | 140 |
| വിശുദ്ധർ കൂട്ടം രക്ഷകന്നു | 401 |
| വിശുദ്ധാത്മാവേ വരിക ദോഷി | 163 |
| വിശുദ്ധാത്മാവേ, ശുദ്ധീകരിക്കും | 365 |
| വിശ്വാസം നൽകീടേണമെ | 272 |
| വിശ്വാസികളേ വാ | 64 |
| വിശ്വാസം യാവനുണ്ടോ | 133 |
| വീണാം സീയോൻ കുമാരി | 84 |
| വീണ്ടും നീ ജനിച്ചീടണം | 144 |
| വീശുക ദൈവാത്മാവേ | 164 |
| വേഗം എന്നകമതിൽ വാ | 161 |
| വേറൊരാശ്രയമില്ല പാപി | 246 |
| വേല ഇപ്പോൾ തീർന്നല്ലോ | 393 |
| വേദത്തിൽ ദൈവം താൻ | 467 |
| വേലക്കു വേലക്കു ദൈവ | 414 |
| ശബ്ബത്തുനാളഹോ എൻ ഹൃദയ | 364 |
| ശാപഹരണ | 57 |
| ശാലേമിന്നധിപതി വരുന്നതി | 75 |

| | ഗീതം |
|---|---|
| ശക്തിയത്യത്ഭുതമെ | 92 |
| ശുദ്ധ ശുദ്ധ കർത്താ ദേവ | 160 |
| ശുദ്ധിക്കായ് നീ യേശു സമീപെ | 275 |
| ശൂലേമിയേ പ്രേമ | 473 |
| ശോധനയിൽ വീഴല്ലേ | 312 |
| ശോഭയേറും ഓർ നാടുണ്ടതു | 400 |
| ശോഭിത പട്ടണം | 453 |
| ശ്രീദേവാട്ടിൻ കുട്ടിയേ തിരു പാദ | 240 |
| ശ്രീയേശു നാമമേ ജയനാമം | 199 |
| സങ്കടത്താൽ ഞാൻ തള | 382 |
| സങ്കേതനഗരമാം യേശു | 498 |
| സന്തതം സ്തുതി തവ ചെയ്വേ | 37 |
| സന്തോഷം തരും സുവിശേഷം | 179 |
| സന്തോഷിച്ചിടാമെനിക്ക | 457 |
| സന്തോഷമേ പരമ സന്തോഷമെ | 346 |
| സമയമാം രഥത്തിൽ ഞാൻ | 460 |
| സർവ്വ മാനുഷരേ! പരന്നു | 433 |
| സർവ്വവും സഹിപ്പതിന്നു | 381 |
| സീയോൻ മല മുകളിൽ | 496 |
| സുന്ദരനെൻ പ്രിയൻ ഉന്നത | 203 |
| സേനകളിൻ പരൻ യഹോവ | 18 |
| സേനയിൻ യഹോവായെ നീ | 354 |
| സേനാപതിയിൻ ശബ്ദം | 305 |
| സ്തുതിക്കുന്നേൻ താതാ നിൻ | 448 |
| സ്തുതി തിങ്ങിയ പരമണ്ഡല | 2[illegible] |
| സ്തുതിപ്പിൻ സ്തുതിപ്പിൻ യേശു | 33 |
| സ്തോത്രമെന്നേശു പരാ നിൻ | 36 |
| സ്തോത്രം ചെയ്യും ഞാനെന്നും | 38 |
| സ്തോത്രം യേശുനാഥനേ മനുവേ | 280 |
| സ്തോത്രം ശ്രീമനുവേലനേ, മമ | 34 |
| സ്തോത്രം സദാ പരനേ തിരുനാമം | 35 |
| സ്നേഹത്തിൻ ഇടയനാം യേശുവേ | 223 |
| സ്നേഹമാം യേശുവേ സ്നേഹമേ | 197 |
| സ്നേഹവിരുന്നനുഭവിപ്പാൻ | 369 |
| സ്നേഹിച്ചീടും നിന്നെ ഞാൻ | 297 |
| സ്നേഹിതന്മാരേ പ്രിയ കൂട്ടരേ | 120 |
| സ്നേഹിതന്മാരേ വരുവിൻ | 147 |


Christian Musicological Society of India

www.TheCMSIndia.org

| | ഗീതം |
|---|---|
| സ്വർഗ്ഗഭാഗ്യം എത്രയോഗ്യം | 395 |
| സ്വർഗ്ഗസീയോനേ നിന്നിലെന്നും | 404 |
| സ്വർഗ്ഗസീയോൻ പുരമേ | 396 |
| സ്വർഗ്ഗേ സിംഹാസനംചുററി | 451 |
| സ്വർഗ്ഗസീയോനിലേക്കുള്ളയെൻ | 432 |
| സ്വന്തം നിനക്കിനി ഞാനേശു | 257 |
| സ്വീകരിക്കേൻ ജീവനെ | 251 |
| ഹാല്ലേലൂയ്യാ ഹല്ലേലൂയ്യാ | 25 |
| ഹാ എത്ര ഭാഗ്യം ഉണ്ടെനി | 461 |

| | ഗീതം |
|---|---|
| ഹാ എത്ര മോദം എൻ | 190 |
| ഹാ എന്താനന്ദം | 459 |
| ഹാ എന്തിപ്പാടയ്യോ ഞാൻ | 76 |
| ഹാ കൂടി നാമെല്ലാരും ചേർന്നു | 50 |
| ഹാ ദൈവസ്നേഹം | 192 |
| ഹാ സോദരാ | 142 |
| ഹേ മൃത്യുവേ | 392 |
| ഹോശന്നാ മഹോന്നത | 74 |
| ഹാ! യേശു മുമ്പിൽ നീ വാ | 124 |


CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# SACRED HYMNS.

## MORNING HYMNS.

## പ്രഭാതകീർത്തനങ്ങൾ.

൧. ചെഞ്ചുരുട്ടി ഏകതാളം 1.

പല്ലവി.

വന്ദനം പൊന്നേശു നാഥാ! നിന്റെകൃപയ്ക്കായ്—എന്നുമെ.

ചരണങ്ങൾ.

1. ഇന്നുഷസ്സിൻ—പ്രഭ—കാണ്മതിന്നായ്
തന്ന കൃപയോർത്തിതാ—വന്ദനം— വന്ദനം
2. പോയ രാവിൽ—എന്നെ—കാവൽചെയ്ത
നായകനേ! നന്ദിയായ്—വന്ദനം— വന്ദനം
3. ഇന്നലെക്കാൾ—ഇന്നു—നിന്നോടേറ്റം
ചേർന്നു ജീവിക്കേണം ഞാൻ—വന്ദനം— വന്ദനം
4. ഇന്നു നിന്റെ—ആത്മ—ശക്തിമൂലം
എന്നെ മുറ്റും കാക്കുക—വന്ദനം— വന്ദനം
5. നിൻമുഖത്തിലുള്ള—ദിവ്യകാന്തി
എന്മേൽ ശോഭിക്കേണമെ—വന്ദനം— വന്ദനം
6. അഴിയാത്ത—ജീവ—ശക്തിയെന്നിൽ
ഒഴിയാതെ പാർക്കേണം—വന്ദനം— വന്ദനം

൨. ഹിന്ദുസ്ഥാൻ കാപ്പി ആദിതാളം 2.

പല്ലവി.

എന്നിലുദിക്കേണമേ—ക്രിസ്തുദേവാ!
എൻ നീതിയിൻ സൂര്യനേ!

ചരണങ്ങൾ.

1. എൻദേഹം ദേഹിയും—നിങ്കലണഞ്ഞിടാൻ
നിൻസ്നേഹജ്വാലയാൽ ഞാൻ—എരിഞ്ഞീടാൻ-
എന്മേൽ ശോഭിക്കേണമേ— എന്നി

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

2. ജീവപ്രകാശമേ!—എൻജീവശക്തിയേ!
ദൈവത്തിൻ തേജസ്സിനാൽ—മിന്നീടുന്നോർ-
ഉദയനക്ഷത്രവുമെ!— (എന്നി

3. മേഘങ്ങളിൻപിമ്പിൽ—നീ മറയാതിന്നു
ഏകമായ് കാക്കേണമേ—എൻ മാനസം-
നിന്മേലുള്ളോർ നോട്ടത്തിൽ— (എന്നി

4. നിന്നുടെ സൌന്ദൎയ്യം—എന്നിൽ വിളങ്ങുവാൻ
ഇന്നും കളങ്കംവിനാ—നീ സൂക്ഷിച്ചാൽ-
എൻ ആനന്ദം പൂൎണ്ണമാം— (എന്നി

5. മരണനിഴലതിൻ—താഴ്വരയിങ്കലും
ശരണം നീയാകയാൽ ഇൗ—വിശ്വാസിക്ക-
ഒന്നുമില്ലെ പേടിപ്പാൻ— (എന്നി

6. എൻ ആത്മസുന്ദരൻ—എൻ ആത്മമാധുൎയ്യൻ
എൻ ആത്മ വാഞ്ചിതനും—ഇന്നും എന്നും
ദൈവകുമാരനേ! നീ— (എന്നി

7. സകല ഭൂഗോളവും—മൂടീടും രാത്രിയെ
പകലായി മാറേറണമേ—നിൻ ശോഭയാൽ-
എല്ലാം പ്രകാശിക്കവാൻ— (എന്നി

---

## ന. ഹുസേനി — ത്രുപകം 3.

ഖണ്ഡങ്ങൾ.

അതിരാവിലെ—തിരുന്നിധി-
അണയുന്നൊരു—സമയേ
അതിയായ് നിന്നെ-സ്തുതിപ്പാൻകൃപ-
അരുൾക യേശു—പരനേ!

1. രജനീയതി—ലടിയാനെ നീ-
സുഖമായ്കാത്ത—കൃപയ്ക്കായ്
രജനീയമാം—തിരുനാമത്തി-
ന്നനന്തംസ്തുതി—മഹത്വം— (അതി

2. എവിടെയെല്ലാം—നിശയിൽ ക്ഷതി-
നടന്നിട്ടുണ്ടു—പരനേ!
അവയിന്നെന്നെ—പരിപാലിച്ച-
കൃപയ്ക്കായ്സ്തുതി—നിനക്കേ— (അതി

3. നെടുവീൎപ്പിട്ടു—കരഞ്ഞീടുന്നു-
പലമൎത്യരീ—സമയെ
അടിയനുള്ളിൽ—കൗതുകം തന്ന-
കൃപയ്ക്കായ് സ്തുതി—നിനക്കേ—(അതി

4. കിടക്കയിൽവെ—ച്ചരിയാം സാത്താ-
നടുക്കാതിരി—പ്പതിനെൻ
അടുക്കൽദൂത—ഗണത്തെ കാവ-
ലണെച്ച കൃപ—യനല്പം— (അതി

5. ഉറക്കത്തിനു—സുഖവും തന്നെ-
ന്നരികെ നിന്നു—കൃപയാൽ
ഉറങ്ങാതെന്നെ—ബലമായ് കാത്ത
തിരുമേനിക്കു—മഹത്വം— (അതി

6. അരുണൻ ഉദി—ച്ചുയൎന്നിപ്പതി-
ദ്യുതിയാൽ വിള—ങ്ങീടുംപോൽ
പരനേ! യെന്റെ—യകമേ വെളി-
വരുൾക തിരു—കൃപയാൽ— (അതി

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

## ൪. ശങ്കരാഭരണം ഏകതാളം 4.

ഖണ്ഡങ്ങൾ.

1. കരുണാസനമമരും—വിഭോ! തിരു—നാമത്തെ വാഴ്ത്തീടുവാൻ
അരുണോദയസമയേ—ഉണർന്നെഴു—ന്നേററിതാ നിന്നടിയൻ.
2. ഒരുദോഷവുമട്ടക്കാ—തെന്നെ കഴി—ഞ്ഞൊരു രാവിൽ ദയവായ്
പരിപാലനംചെയ്ത നാ—ഥനേ! തിരു—നാമത്തിന്നു മഹത്വം.
3. അരുണോദയ കിരണ—ങ്ങളീധര—യിൽ വിലസീടുന്നപോൽ
തിരുതേജസ്സിൻ കതിരെൻ—ഹൃദി തിള—ങ്ങീടേണമേ നിറവായ്.
4. മരുഭൂമിയിൽ ഇസ്രായേ—ലിനെ നിത്യം—മന്നയാൽ പോററിയോനാം
കരുണേശനേ! യെനിക്കും—തരികനിൻ—ജീവമന്നാ സദയം.
5. പരമാവിയിൻഭരണ—മതിന്നനു—വാസരം കീഴടങ്ങി
യിരിക്കേണമെൻവചനം—ചിന്തകർമ്മ—മെന്നിവകൾ സമസ്തം.
6. പകലുള്ളപ്പോൾ പിതൃവേ—ലയേയത്യു—ത്സാഹമായ്ചെയ്തവനേ!
പകലിൽപരിശ്രമിപ്പാൻ—എനിക്കും നീ—നൽകണമേ കൃപയെ.
7. വിലയേറിയ സമയം—വൃഥാ ചില—വാക്കീടാതെയടിയൻ
നലമോടതുസതതം—പ്രയോജന—മാക്കുവാൻ നീ തുണയ്ക്ക.

---

## ൫. ഹുസേനി രൂപകം 5.

ഖണ്ഡങ്ങൾ.

1. ഉഷഃകാലം നാം—എഴുന്നേല്ക്കുക—പരനേശുവെ—സ്തുതിപ്പാൻ
ഉഷഃകാലമെ—ന്താനന്ദം നമ്മൾ—പ്രിയനോടടു—ത്തീടുകിൽ
2. ഇതുപോലെയൊ—രുദയം നമു—ക്കടുത്തീടുന്നു—മനമേ!
ഹാ! എന്താനന്ദം—നമ്മൾ പ്രിയനാം—ശോഭസൂര്യനായ്—വരുന്നാൾ
3. നന്ദിയാലുള്ളം—തുടിച്ചീടുന്നു—തള്ളയാമേശു—കാരുണ്യം
ഓരോരോന്നോരോന്നായ്—ധ്യാനിപ്പാനിതു—നല്ല സന്ദർഭ—മാകുന്നു
4. ഇന്നലെ ഭൂവിൽ—പാർത്തിരുന്നവ—രെത്രപേർ ലോകം—വിട്ടുപോയ്
എന്നാലോ നമു—ക്കൊരു നാൾകൂടെ—പ്രിയനെ പാടി—സ്തുതിക്കാം
5. നഗ്നനായി ഞാൻ—ലോകത്തിൽ വന്നു—നഗ്നനായിത്തന്നെ—പോകുമേ
ലോകത്തിലിനി—ക്കില്ല യാതൊന്നും—എന്റെ കൂടന്നു—പോരുവാൻ
6. ഹാ! എൻപ്രിയന്റെ—പ്രേമത്തെ ഓർത്തി—ട്ടാനന്ദം പര—മാനന്ദം
ഹാ! എൻപ്രിയനാ—പുതുവാനഭൂ—ദാനംചെയ്തതെ—ന്താനന്ദം
7. മരുവിൽനിന്നു—പ്രിയന്മേൽ ചാരി—വരുന്നോരിവൾ—ആരുപോൽ
വനത്തിൽ കൂടെ—പോകുന്നേ ഞാനും—സ്വന്തരാജ്യത്തിൽ—ചെല്ലുവാൻ
8. കൊടുങ്കാററുണ്ട്—വനദേശത്തെൻ—പ്രിയനേ! എന്നെ—വിടല്ലേ
കൊതിയോടു ഞാൻ—വരുന്നു—എന്റെ—സങ്കടമങ്ങു തീർക്കണേ.

---

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

സർവ്വ മഹിമയും—നീക്കി വെച്ചൊരു
ദൈവസൂനുവാം—യേശുവിന്റെ മാ—
പാവനനിണം മൂലം പാപങ്ങൾ
സർവ്വവും കഴുകി—വിശുദ്ധനാം
ആത്മനാൽ ദൈവ—ജീവനുള്ളവർ—

2

ക്രിസ്തുവിൻ കുരി—ശിൽ മരിച്ചുപിൻ
മൃത്യുമേൽ ജയം—കൊണ്ടുയിർത്തവർ:
കർത്തൻ തന്നധി—കാരം പൂർണ്ണമായ്
അന്തരംഗമ—തിൽ നടത്തുവാൻ
നിത്യം തങ്ങളെ—യർപ്പിക്കുന്നവർ
വാസ്തവത്തിൽ ശു—ദ്ധാത്മഭരിതരാം—

3

സർവ്വദാ പ്രതി—ഷ്ഠിതമായുള്ളൊരു
ജീവിതത്തിന—നുഗ്രഹങ്ങളെ
ഉർവ്വിയിൽ അവ—കാശമാക്കുവാൻ
ദൈവം നൽകിയി—രിക്കുന്നു കൃപ;
അത്ഭുതമാമ—തിൻ ഫലങ്ങളെ
ഇപ്പൊഴെയവർ നടപ്പിൽ കാട്ടണം—

4

ആത്മനിറവിനെ—പ്രാപിച്ചോരിഹ
ദൈവമഹത്വത്തി—നായ് ദിവാനിശം
ജീവിതം നയിക്കുന്ന—മാനവർ;
ദിവ്യവചനമ—തിന്നദ്ധ്യയനം
പാവനമായ—തൻ കൂട്ടായ്മയും
ഭൂവിലവരുടെ—ഭാവുകമഹോ!—

5

കാന്തൻ തൻ തിരു—പ്രേമമവരുടെ
അന്തരംഗേജനി—പ്പിക്കുന്നൊരു
അന്തമററ പ്ര—മോദമവരെ
സന്തതം സംതൃപ്തരാക്കുന്നു;
ഉന്നതന്നുടെ—സന്നിധൌ അവർ
എന്നും ക്ഷേമമായ്—മന്നിൽ വാഴുന്നു—

---

## ൪൯൮. 498.

1. സങ്കേതനഗരമാം യേശുവിങ്കൽ—ശങ്കയെന്യെ ഓടി വന്നീടുക
   സങ്കടത്തിന്നൊരു വകയില്ലാതെ—സന്തതമവൻനിന്നെ—കാത്തുകൊള്ളും
2. അലയുന്നീലോകത്തിൻ ഓളങ്ങളാൽ—വലയുന്നതെന്തിനെൻ പൈതലേ നീ
   വിശ്വാസക്കപ്പലിൽ ക്ഷേമമായി—യാത്ര ചെയ്യുന്നോർക്കി—ലോകം വേണ്ട
3. കഴുകൻപോൽ നീ പറന്നുന്നതത്തിൽ—വാഴുന്ന ജീവിതം വാഞ്ചിക്കുക
   കാത്തിരുന്നീടുകിൽ ഏകിടും താൻ—ആവർത്തനാശക്തി—തൻ മക്കൾക്ക
4. മരണത്തിൻ ഘോരത്വം ഭയപ്പെടേണ്ട—വിരവൊടു കാത്തിടും കർത്തൻ നിന്നെ
   യാതൊന്നും നിന്നെ ഭയപ്പെടുത്താൻ—ആകയില്ല എന്നു—വിശ്വസിക്ക
5. വിശ്രമനാട്ടിൽ ഞാനെത്തിടുമ്പോൾ—യേശുവിൻ മാർവ്വിൽ ഞാൻ ആനന്ദിക്കും
   പരമസുഖം തരുന്നുറവകളിൽ—പരനോടു കൂടെഞാൻ—വാഴും നിത്യം

---

## ൪൯൯. ചെഞ്ചുരുട്ടി ആദിതാളം 499.

പല്ലവി.

യേശുവിൻ തിരുമുഖമേ—എനിക്കേററം
ആശ്വാസം പ്രതിദിനമേ.

Christian Musicological Society of India
www.TheCMSIndia.org

ചരണങ്ങൾ.

1. നാശലോകത്തിൽനിന്നു-ദാസനാമെന്നെയവൻ
ആശയോടെ വീണ്ടെടുത്ത-തോൎക്കുന്നേരം- യേശു
2. വന്ദദിനേശനാമെൻ-നായകനേ ഞാനെന്റെ
മാനസേ ധ്യാനിച്ചീടുമ്പോൾ-സ്നേഹമാന്ന- യേശു
3. നാഥനാമേശുവിന്റെ-പാദത്തിലിരുന്നു ഞാൻ
വേദവാക്യങ്ങൾ കൃപയാൽ-ധ്യാനിക്കുമ്പോൾ- യേശു
4. അരുണോദയ സമയേ-പരിചോടെഴുന്നു തിരു-
ചരണസമീപെ ചെല്ലുമ്പോൾ-ഇമ്പമേറും- യേശു
5. ഓരോ കാൎയ്യങ്ങളെന്റെ-നേരെ വന്നെതൃത്തുകൊ-
ണ്ടോരോന്നായ് വിഷമിപ്പിക്കും-നേരമെന്റെ- യേശു
6. മോടിയേറും മുഖത്തി-ലേറെ പാടുകളേറു
വാടിയതോൎത്തുനോക്കുമ്പോൾ-പ്രാണനാഥൻ- യേശു
7. മേഘവാഹനത്തിൽ സ്വ-ൎല്ലോക ദൂതരുമായി
ആഘോഷമോടെ വരുമ്പോൾ ശോഭ തിങ്ങും- യേശു

---

# മാതൃസംഘം.

൫൦൦. സൌരാഷ്ട്രകാന്തം രൂപകം 500.

ഖണ്ഡങ്ങൾ

1. യേശുവേ! നിന്റെ ദാസിമാർതിരു-സന്നിധൌവന്നണഞ്ഞിതാ
ആശീൎവ്വദിപ്പാൻ ആത്മവന്നീട്ടു-കീശനെ! ഞങ്ങൾ മദ്ധ്യത്തിൽ
2. ഏതുനേരത്തും മോദമോടെനിൻ-പാദത്തിലടുത്തീടുവാൻ
നാഥനെ! ദാസികൾക്കു നിൻ ബലി-ഹേതുവാൽകൃപ ചെയ്യുമല്ലോ- യേ
3. മറിയാൾ തിരുചരണാന്തികെ-ഇരുന്നു നല്ല ശ്രദ്ധയായ്
തിരുവായിൻ മാമധുരമൊഴി-കേട്ടുകൊൾ വാകന്നതുപോൽ- യേ
4. ബലഹീനതയുള്ള പാത്രങ്ങ-ളാകും ഞങ്ങളിന്നുള്ളത്തിൽ
ബലമേറും നിൻ വചനം ഫലി-ച്ചതിനാൽ ശക്തിപ്പെടുവാൻ- യേ
5. ഹല്ലെലുയ്യാ നിൻദാസിമാർ പാടി-വാഴ്ത്തീടുന്നു മഹേശനെ!
എല്ലാനാവും നിൻനാമത്തിൽസ്തുതി-പാടട്ടെ സൎവ്വകാലവും- യേ

---

൫൦൧. "Sing them over again to me" 501.

1. ബഥനി മറിയനിൽനിന്നു-വിശുദ്ധ പാഠം നാം
പഠിക്കേണം അർത്ഥമാവിന്-യനുഗ്രഹമതാം;
നമുക്കുള്ളവയെല്ലാം-നാഥനോടുടൻ ചൊല്ലാം:

CHRISTIAN MUSICOLOGICAL SOCIETY of INDIA

തൃപ്പാദമാം—സാങ്കേതം നാം
പ്രാപിക്കേണമെന്നും.

2. ദൈവവചനം രാപ്പകൽ—ധ്യാനം ചെയ്തീടുവാൻ;
തന്നമൂല്യവാഗ്ദാനങ്ങൾ—ഹൃദി നിക്ഷേപിപ്പാൻ;
ദൈവാത്മാവിൻ പ്രകാശം—നൽകീടുന്ന സന്തോഷം— തൃ

3. ലോകയാത്രയിൽ നേരിടും—വിവിധശോകങ്ങൾ;
നഷ്ടം കഷ്ടവും വന്നീടും—ബാധിക്കും രോഗങ്ങൾ;
സങ്കടമതോരോന്നായ്—തങ്കൽ സമർപ്പിപ്പാനായ്— തൃ

4. ഒഴിച്ചുമറിയ യേശുവിൻ—തലയിൽ തൈലത്തെ:
കാണിച്ചവൾ തന്നുള്ളത്തിൻ—പെരിയ പ്രേമത്തെ;
ഉള്ളിൻനിധി വിശേഷം—ഏകുക വന്നശേഷം— തൃ

5. രക്ഷകന്നു പ്രസാദമാം—പ്രവൃത്തി ചെയ്യുവാൻ:
ക്രൂശിനോടനുഭാവമാം—മനഃസ്ഥിതി വരാൻ:
ശുദ്ധാത്മാവിൻ വ്യാപാരം—ഉണ്ടാകട്ടെ നാൾതോറും— തൃ

---

# കുടുംബജീവിതം.

## "From Greenland's icy mountains"

## 7. 6. 7. 6. D.

൫൦൨. ‘ഉത്തരഹിമാദ്രികൾ’—എന്നരീതി 502.

1. യേശു രക്ഷിതാവേ! നിൻ—ദാസിക്കു നല്കുക,
വേണ്ട സ്വസ്ത്രീയ്ക്കുവ—സ്വന്ത കുടുംബത്തിൽ:
നിന്മഹത്വത്തിനായി—ജീവിക്കുന്നതിന്നു
ദിനംദിനം ആത്മാവിൻ—ദാനം തരേണമേ.

2. സ്നേഹം, അനുസരണം,—സൌമ്യത, താഴ്മയും;
കർത്താവിനോടെന്നപോൽ—ഭർത്തൃശുശ്രൂഷയും,
വിശ്വാസം, സ്വയത്യാഗം;—കഷ്ടതയിൽ ക്ഷമ,
ആകർഷണീയമായ—ആത്മീയാലങ്കാരം.

3. മക്കളെ സ്വർഗ്ഗത്തേക്കു—ആകർഷിക്കുന്നതാം
ദൃഷ്ടാന്തയോഗ്യമായ—കുടുംബജീവിതം
ദിവ്യസംസർഗ്ഗത്തിന്റെ—ഭാഗ്യഫലങ്ങളും,
ദിനരാത്രമരുൾക—ദൈവമാം താതനേ!

Christian Musicological Society of India
www.TheCMSIndia.org

4. തിരുവെഴുത്തുകളിൽ—ദിനവും മക്കൾക്കു
അഭ്യസനം നല്കീടാൻ—താല്പൎയ്യം തരിക,
രക്ഷകന്റെ സ്വഭാവം—വാസ്തവമായ് സദാ
സൎവ്വത്ര വിളങ്ങുവാൻ—നിൻകൃപയേകുക.

5. ആഗമനത്തിൻകാലം—ആസന്നമായല്ലോ
മഹത്വപ്രത്യക്ഷത—മഹാസന്തോഷനാൾ
അന്നു കുടുംബാംഗങ്ങൾ—ഒന്നായ് പ്രിയനാഥാ!
നിൻമുമ്പിൽ അത്യാനന്ദം—എന്നും പ്രാപിക്കട്ടെ.

---

# അമ്മമാൎക്കുവേണ്ടി.

"വേഗമെന്നകമതിൽ" എന്ന രീതി.

രാഗം. ബെഹാക് ആദിതാളം 503

പല്ലവി.

അമ്മമാരേ! നിങ്ങൾ—അദ്ധ്വാനിച്ചീടുവിൻ,
ആത്മരക്ഷയേയും—കുഞ്ഞുങ്ങൾ പ്രാപിപ്പാൻ.

ചരണങ്ങൾ.

1. ഓമനമക്കൾക്കു—നന്മവരുവാനായ്
ഒട്ടും മടിയെന്യെ—കഷ്ടപ്പെടുന്നോരാം— അ
2. കൎത്താവിൻസന്നിധൌ—അമ്മമാർ കൊണ്ടു
ചെന്ന ശിശുക്കളെ—താനനുഗ്രഹിച്ചാൻ— അ
3. മാനസമാററവും—മേലിൽനിന്നുണ്ടായി
ഉന്നതദൈവത്തിൻ—നന്ദനരാകുവാൻ— അ
4. ഹന്നാ ചെയ്തതുപോൽ—തന്നെ നിങ്ങളെല്ലാം
എന്നും യാചിക്കുവിൻ—തന്നാശിഷത്തിന്നായ്— അ
5. കൎത്തൃമാതാവിന്റെ—ഉത്തമാദൎശത്തെ
നിത്യം നിങ്ങൾ മുമ്പിൽ—വെച്ചു ജീവിക്കുവിൻ— അ
6. നിങ്ങൾക്കു നല്കിയ—കുഞ്ഞുങ്ങളെ ദൈവം
ഒക്കെയും ചോദിക്കും—നീക്കമില്ലതിന്നു അ
7. ചിന്തലേശമററ—മാതാക്കളാകാതെ
നൊന്തുപ്രാൎത്ഥിക്കുവിൻ—സന്താനങ്ങൾക്കായ്— അ

CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India
www.TheCMSIndia.org